**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത്: വി. ഗോപിനാഥൻ**

**വിഷയം :** **വിവരാവകാശ നിയമം 2005 വകുപ്പ് 5 (1) - അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി & പി)യുടെ ഓഫീസിൽ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറെയും അപ്പലേറ്റ് അതോറിറ്റിയേയും നിയമിക്കുന്നത് - സംബന്ധിച്ച്.**

**സൂചന :**

**ഉത്തരവ് നമ്പർ ആർഐ-20256/10 തീയതി 21.05.2012**

2005-ലെ വിവരാവകാശ നിയമം വകുപ്പ് 5(1) പ്രകാരം എല്ലാ പൊതു അധികാരികളും തങ്ങളുടെ കീഴിലുള്ള പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരെ സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്. അതനുസരിച്ച് സംസ്ഥാന വനം വന്യജീവി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലേക്കും പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും നിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കാലയളവിൽ അച്ചടക്ക നടപടി സംബന്ധിച്ച് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന 'ബി' സെക്ഷന്റെ ചുമതലയും ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കായിരുന്നതിനാൽ ഭരണ വിഭാഗത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തന്നെയായിരുന്നു പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ. എന്നാൽ ഇപ്പോൾ അച്ചടക്ക നടപടി കൈകാര്യം ചെയ്യുന്ന 'ബി' സെക്ഷൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ കൺസർവേറ്റർ (ഡി & പി)യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്.

അച്ചടക്ക നടപടി സംബന്ധിച്ച വിവരങ്ങളും രേഖകളും ആരാഞ്ഞുകൊണ്ട് ആർഐ ആക്ട് പ്രകാരം വളരെയധികം അപേക്ഷകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിന് മറുപടി നൽകുവാൻ അച്ചടക്ക നടപടി വിഭാഗത്തിൽ നിന്നും വിവരങ്ങൾ ആദ്യം ലഭ്യമാക്കി അപേക്ഷകന് നൽകുന്നതുമൂലം ഭരണപരമായ അസൗകര്യവും കാലതാമസവും ഉണ്ടാകുന്നു. പൊതുജനങ്ങൾക്ക് അവർ ആവശ്യപ്പെടുന്നതും ലഭ്യമായതുമായ വിവരങ്ങൾ കാലവിളംബം കൂടാതെ നൽകണം എന്നതാണ് ആർ.ഐ. ആക്ടിന്റെ അന്തസത്ത. ആയതിനാൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ കൺസർവേറ്റർ (ഡി & പി)യുടെ കീഴിലുള്ള അച്ചടക്ക നടപടി കൈകാര്യം ചെയ്യുന്ന 'ബി' സെക്ഷനുവേണ്ടി പുതിയ ഒരു പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറേയും അപ്പലേറ്റ് അധികാരിയേയും നിയമിക്കേണ്ടത് അനിവാര്യമാകുന്നു.

ഈ സാഹചര്യത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ കൺസർവേറ്റർ (ഡി & പി)യുടെ കീഴിലുള്ള അച്ചടക്ക നടപടി കൈകാര്യം ചെയ്യുന്ന 'ബി' സെക്ഷന്റെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഭരണ)നെയും അപ്പലേറ്റ് അധികാരിയായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ കൺസർവേറ്റർ (ഡി & പി)യെയും നിയമിച്ചുകൊണ്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ആയ വി. ഗോപിനാഥൻ എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവ് വനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(വൈൽഡ്‌ലൈഫ് ) &**
**ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ**

പകർപ്പ് :

1. *അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി & പി).*
2. *ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം).*
3. *അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)ക്ക് വനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.*
4. *പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ പി.എ.യ്ക്ക്.*
5. *പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പി.എ.യ്ക്ക്.*
6. *അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം).*
7. *ആർ.ഐ. സ്റ്റോക്ക് ഫയലിലേക്ക്.*